# എണ്ണമറ്റ കമ്പികളുള്ള തമ്പുരു

*(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, **D.Sc.,Ph.D.**)*

അനുഭവങ്ങളുടെ അർത്ഥം തിരഞ്ഞ്
ഉൾക്കടലിലും ഉയരങ്ങളിലും
ചതുപ്പുനിലത്തും ചന്തയിലും
അന്വേഷണ നിസ്കാരത്തിന്റെ
വാങ്കുവിളിയുടെ
പേർഷ്യൻ ഈണത്തിന്റെ മൂളലിൽ
കർണ്ണമുലഞ്ഞ നിമിഷം,
തലച്ചോറിൽ സുഷുമ്നാ ബ്രഹ്മരന്ധ്രത്തിൽ
ആൽത്തടിയിൽ തീർത്ത തമ്പുരുവിന്റെ
അർദ്ധഗോളക്കുടത്തിൽ പാകിയ
എണ്ണമറ്റ കമ്പികൾ സഹതാപതരംഗം
ചുരത്താൻ കാവൽ നിൽക്കും കാലാളുകൾ.
സമാനാനുഭവത്തിന്റെ കമ്പനദൈർഘ്യം
സമ്മേളിതമാകും അനഘ വേളകളിൽ,
മദ്ധ്യാഹ്നത്തിനും അപരാഹ്നത്തിനുമിടയിൽ
അപരാഹ്നത്തിനും സായാഹ്നത്തിനുമിടയിൽ
തിരിഞ്ഞുനോട്ടത്തിന്റെ ദൂരക്കാഴ്ച്ചയുടെ കാചം
കേന്ദ്രീകൃത ബിന്ദുവിൽ സംയോജിക്കുമ്പോൾ,
ഒരേ തരംഗദൈർഘ്യത്തിൽ മുറുക്കിയ കമ്പികൾ
വികാരാന്ദോളന പ്രണവം ചൊല്ലും.
അതിൽ ഉറഞ്ഞുകൂടിയ ക്ലാവിൻ കണങ്ങൾ
ശീർഷത്തിലും പാർശ്വത്തിലും ചിന്നിച്ചിതറി
കൺവെട്ടം ക്ഷണികം മറച്ചിട്ടും
കറതീർന്ന കമ്പിയുടെ കമ്പനാനുഭവം
പ്രഭചൊരിഞ്ഞ് ജീവൽവൃക്ഷത്തിന്റെ
നാരായവേരും സംഭാവ്യമായ വിപത്തുക്കളുടെ
സാക്ഷരതയും മൗലിയിൽ ചൂടാത്ത തൊപ്പിയിലെ
തൂവ്വലുകളായി തൂങ്ങിനിന്നു.
**********************************************************